PROVISIONAL ANSWER KEY

Question Paper Code:	171/2026/OL
Category Code:	555/2025, 736/2025,781/2025
Exam:	Instructor (Book Binding)/ Binder/ Binder GR-II
Date of Test	03-11-2026
Department	Various
Language:	Malayalam

Question1:-
ഭാഷാ സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട പ്രസ്ഥാവനകളാണ് തന്നിരിക്കുന്നത്. പ്രസ്താവനകളിൽ തെറ്റായത് ഏത്?
(i) 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.
(ii) വി.പി. മേനോൻ അംഗമായിരുന്നു.
(iii) പോട്ടി ശ്രീരാമലു 58 ദിവസത്തെ നിരാഹാര സമരത്തെ തുടർന്ന് മരണമടഞ്ഞു.
(iv) ഫസൽ അലി ആയിരുന്നു ഈ കമ്മിഷൻറെ അധ്യക്ഷൻ.

A:-
ഒന്ന്

B:-
മൂന്നും നാലും

C:-രണ്ട്

D:-ഒന്നും നാലും

Correct Answer:- Option-C

Question2:-"മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെൻറിനും അവകാശമില്ല." ഈ ആശയം മുന്നോട്ട് വച്ച ചിന്തകൻ ആരാണ്?

A:-റൂസ്സോ

B:-മോണ്ടസ്ക്യൂ

C:-ജോൺ ലോക്ക്

D:-തോമസ് പെയിൻ

Correct Answer:- Option-C

Question3:-കിഴക്കൻ തീരസമതലത്തിൻറെ സവിശേഷതകളിൽപ്പെടാത്തത്
(i) താരതമ്യേനവീതികുറവ്
(ii) ഡെൽറ്റ രൂപീകരണം നടക്കുന്നു**.**
(iii) കോറമണ്ഡൽ**,** വടക്കൻ സിർക്കാസ് സമതലം എന്നിങ്ങനെ തിരിക്കാം**.**
(iv) കായലുകളും അഴീമുഖങ്ങളും കാണപ്പെടുന്നു**.**

A:-(i)ഉം (iv)ഉം

B:-(i) മാത്രം

C:-(ii)ഉം (iii)ഉം

D:-(ii) മാത്രം

Correct Answer:- Option-A

Question4:-1959ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ച ഇരുമ്പുരുക്ക് ശാല

A:-ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് റൂർക്കേല

B:-ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് ദുർഗാപൂർ

C:-ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് ഭിലായ്

D:-ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് ബൊക്കാറോ

Correct Answer:- Option-C

Question5:-നീതി ആയോഗുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത്?
(i) ആസൂത്രണ കമ്മിഷന് പകരം 2015 ജനുവരി 1-ന് നിലവിൽ വന്ന സംവിധാനം.
(ii) ചെയർ പേഴ്സൺ പ്രസിഡൻറ്
(iii) പ്രബല മധ്യവർഗ്ഗത്തെ സുസ്ഥിരസാമ്പത്തിക വളർച്ച നേടാൻ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം.
(iv) കാർഷിക മേഖലയെ മിശ്രകാർഷിക ഉല്പാദനത്തിലൂടെ പുരോഗതിയിലെത്തിക്കുക - ലക്ഷ്യം.

A:-(i)ഉം (iv)ഉം

B:-(iii)ഉം (iv)ഉം

C:-(iii) മാത്രം

D:-(ii) മാത്രം

Correct Answer:- Option-D

Question6:-തന്നിരിക്കുന്ന പ്രസ്താവനകൾ ഏത് തരം നിക്ഷേപവുമായി ബന്ധപ്പെട്ടതാണ്?
(i) വ്യവസായികളും വ്യാപാരികളുമാണ് ഇത്തരം നിക്ഷേപങ്ങൾ കൂടുതലായി നടത്തുന്നത്.
(ii) ഇത്തരം നിക്ഷേപങ്ങൾക്ക് പലിശയില്ല.
(iii) ഒരു ദിവസം തന്നെ ധാരാളം പ്രാവശ്യം നിക്ഷേപിക്കാനും പിൻവലിക്കാനും ഉള്ള സൗകര്യം ഉണ്ട്.

A:-ആവർത്തിത നിക്ഷേപം

B:-പ്രചലിത നിക്ഷേപം

C:-സ്ഥിര നിക്ഷേപം

D:-സമ്പാദ്യ നിക്ഷേപം

Correct Answer:- Option-B

Question7:-അക്കിത്തം അച്ചുതൻ നമ്പൂതിരിക്ക് സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് ജ്ഞാന പീഠ പുരസ്കാരം ലഭിച്ച വർഷം

A:-2008

B:-2019

C:-2002

D:-2017

Correct Answer:- Option-B

Question8:-കേരളത്തിലെ മദൻ മോഹൻ മാളവ്യ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ ആര്?

A:-ശ്രീ നാരായണഗുരു

B:-അയ്യങ്കാളി

C:-മന്നത്ത് പത്മനാഭൻ

D:-സഹോദരൻ അയ്യപ്പൻ

Correct Answer:- Option-C

Question9:-താഴെപ്പറയുന്ന പ്രസ്താവനകളിൽ ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന / പ്രസ്താവനകൾ ഏത്?
(i) 1949 നവംബർ 26ന് ഭരണഘടന നിർമ്മാണ സഭ ഇന്ത്യൻ ഭരണഘടനയുടെ കരട് രൂപം അംഗീകരിച്ചു.
(ii) ഇന്ത്യൻ ഭരണഘടനയുടെ ഇംഗ്ലീഷ് കയ്യെഴുത്ത് പ്രതി എഴുതിയത് പ്രേംബിഹാരി നാരായൺ റൈസാദ ആണ്.
(iii) ഇന്ത്യൻ ഭരണഘടനയുടെ അന്തിമരൂപം തയ്യാറാക്കുന്നതിന് ഭരണഘടന നിർമാണസഭ 2 വർഷവും 10 മാസവും 18 ദിവസവും എടുത്തു.

A:-(i) (ii) മാത്രം

B:-(i) (iii) മാത്രം

C:-(ii) (iii) മാത്രം

D:-ഇവയെല്ലാം

Correct Answer:- Option-A

Question10:-താഴെപ്പറയുന്ന പ്രസ്താവനകളിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?
(i) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ സംസ്ഥാന മുഖ്യമന്ത്രിയാണ്.
(ii) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് അതത് ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായ ഒരു ജില്ലാതല ദുരന്തനിവാരണ കമ്മിറ്റിയുണ്ട്.
(iii) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആണ്.

A:-(i) (ii) മാത്രം

B:-(i) (iii) മാത്രം

C:-(ii) (iii) മാത്രം

D:-ഇവയെല്ലാം

Correct Answer:- Option-D

Question11:-കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ അധികാര വിഭജനത്തെ സംബന്ധിക്കുന്ന ലിസ്റ്റുകൾ ചുവടെ ചേർത്തിരിക്കുന്നു. ചേരുംപടി ചേർക്കുക?

A		B
1	യൂണിയൻ ലിസ്റ്റ്	A വിദ്യാഭ്യാസം
2	സ്റ്റേറ്റ് ലിസ്റ്റ്	B വിവരസാങ്കേതികവിദ്യ
3	കൺകറണ്ട് ലിസ്റ്റ്	C പോലീസ്
4	അവശിഷ്ട അധികാരങ്ങൾ	D പ്രതിരോധം

A:-1D 2C 3A 4B

B:-1D 2B 3A 4C

C:-1D 2C 3B 4A

D:-1B 2C 3D 4A

Correct Answer:- Option-A

Question12:-കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻറെ നിലവിലെ ചെയർമാൻ ആരാണ്?

A:-വി.എസ്. അച്യുതാനന്ദൻ

B:-ഷീല തോമസ്

C:-നീലാ ഗംഗാധരൻ

D:-ഇവരാരുമല്ല

Correct Answer:- Option-D

Question13:-ചുവടെ നൽകിയിരിക്കുന്നവയിൽ പ്ലാസ്മോഡിയം എന്ന പ്രോട്ടോസോവ മൂലം ഉണ്ടാകുന്ന രോഗം ഏത്?

A:-മന്ത്

B:-ഡിഫ്തീരിയ

C:-മലമ്പനി

D:-നിപ

Correct Answer:- Option-C

Question14:-മുറിവുണ്ടാകുമ്പോൾ രക്തക്കട്ട രൂപപ്പെട്ടുന്നതിന് കാത്സ്യം അയോണുകളോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന വിറ്റാമിൻ ഏത്?

A:-വിറ്റാമിൻ A

B:-വിറ്റാമിൻ D

C:-വിറ്റാമിൻ E

D:-വിറ്റാമിൻ K

Correct Answer:- Option-D

Question15:-താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക.
(i) മണ്ണെണ്ണയുടെ അപേക്ഷികസാന്ദ്രത 0.81 ആണ്.
(ii) മണ്ണെണ്ണയുടെ അപേക്ഷികസാന്ദ്രത 810 kg/m^3 ആണ്.
(iii) ദ്രാവകങ്ങളുടെ അപേക്ഷികസാന്ദ്രത അളക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് ഹൈഡ്രോമീറ്റർ.
(iv) ഒരു പദാർത്ഥത്തിൻറെ സാന്ദ്രത ജലത്തിൻറെ സാന്ദ്രതയുടെ എത്ര മടങ്ങാണ് എന്ന് പറയുന്നതാണ് ആ പദാർത്ഥത്തിൻറെ അപേക്ഷികസാന്ദ്രത.

A:-പ്രസ്താവന (iii), (iv)

B:-പ്രസ്താവന (i), (ii), (iii)

C:-പ്രസ്താവന (ii), (iii), (iv)

D:-പ്രസ്താവന (i), (iii), (iv)

Correct Answer:- Option-D

Question16:-ഒരു ബസ്സിൽ റിയർവ്യൂ മിററായി ഉപയോഗിച്ചിരിക്കുന്ന ഗോളീയ ദർപ്പണത്തിൻറെ ഫോക്കസ് ദൂരം 10 cm ആണ്. ഗോളീയ ദർപ്പണത്തിൻറെ തരവും വക്രതാ ആരവും കണ്ടെത്തുക?

A:-കോൺവെക്സ് ദർപ്പണം, 20 cm

B:-കോൺകേവ് ദർപ്പണം, 20 cm

C:-കോൺവെക്സ് ദർപ്പണം, 5 cm

D:-കോൺകേവ് ദർപ്പണം, 5 cm

Correct Answer:- Option-A

Question17:-താഴെ തന്നിരിക്കുന്നവയിൽ ഏകബേസിക ആസിഡ് ഏതാണ്?

A:-H_2SO_4

B:-HNO_3

C:-H_2CO_3

D:-H_3PO_4

Correct Answer:- Option-B

Question18:-ചേരുംപടി ചേർക്കുക

A	B
(i) ബ്ലീച്ചിങ് പൗഡർ	(a) ഓക്സിജൻ
(ii) ജോസഫ് പ്രീസ്റ്റിലി	(b) ആധുനിക ആവർത്തനപ്പട്ടിക
(iii) ഹെൻറി മോസ്ലി	(c) ഓസോൺ
(iv) അൾട്രാവയലറ്റ് രശ്മികൾ	(d) ക്ലോറിൻ

A:-i-d, ii-c, iii-a, iv-b

B:-i-d, ii-c, iii-b, iv-a

C:-i-d, ii-a, iii-b, iv-c

D:-i-a, ii-b, iii-c, iv-d

Correct Answer:- Option-C

Question19:-ഇന്ത്യൻ പാർലമെൻറിൽ വിവര സാങ്കേതിക വിദ്യ ബിൽ പാസ്സാക്കിയതെന്ന്?

A:-2008 ഡിസംബർ

B:-2000 മെയ്

C:-2000 ഏപ്രിൽ

D:-2008 മെയ്

Correct Answer:- Option-B

Question20:-വ്യത്യസ്ത പ്രോട്ടോകോൾ ഉള്ള രണ്ടു വ്യത്യസ്ത ശൃംഖലകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഉപകരണമാണ് _____

A:-റൂട്ടർ

B:-ബ്രിഡ്ജ്

C:-ഗേറ്റ് വേ

D:-മോഡം

Correct Answer:- Option-C

Question21:-പതിനെട്ടാം നൂറ്റാണ്ടിൽ ഉയർന്ന ബാൻഡുകളും ഹോളോ ബാക്ക് സാങ്കേതികവിദ്യയും പരിഷ്കരിച്ചത് ആരാണ്?

A:-റോജർ പെയ്ൻ

B:-വിൽസൺ

C:-ആൾട്ടസ് മാനിറ്റസ്

D:-ക്രോളി

Correct Answer:- Option-A

Question22:-1900-ൽ റൗണ്ടിങ്ങും ബാക്കിങ്ങും ചെയ്യുന്നതിനുള്ള യന്ത്രം ആരാണ് നിർമിച്ചത്?

A:-റോജർ പെയ്ൻ

B:-വിൽസൺ

C:-ആൾട്ടസ് മാനിറ്റസ്

D:-ക്രോളി

Correct Answer:- Option-D

Question23:-പുസ്തകത്തിൻറെ തണ്ടും (സ്പൈൻ) മറ്റ് അറ്റങ്ങളും അശരളമാക്കുന്നത് ഇതിൽ എന്ത് ഉപയോഗിച്ചാണ്?

A:-കൂത്തുവാൾ / തുരുവാൾ (Awl)

B:-ആര/കടരം (Saw)

C:-ബേണിഷർ

D:-സ്കാപ്പർ

Correct Answer:- Option-D

Question24:-വെള്ളി, സ്വർണ്ണ ഫോയിലുകൾ ഗ്ലേസിംഗ് ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണം എന്താണ്?

A:-കൂത്തുവാൾ / തുരുവാൾ (Awl)

B:-ആര/കടരം (Saw)

C:-ബേണിഷർ

D:-സ്കാപ്പർ

Correct Answer:- Option-C

Question25:-പുസ്തകത്തിലെ വീർപ്പു നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന ഉപകരണം എന്താണ്?

A:-പഞ്ച്

B:-സ്റ്റാൻഡിംഗ് പ്രസ്സ്

C:-ബൈൻഡിംഗ് ഹാമർ (ബൈൻഡിംഗ് ചുറ്റിക)

D:-ട്രിമ്മിംഗ് പ്രസ്സ്

Correct Answer:- Option-B

Question26:-പശുക്കിടാക്കളുടെ തൊലി ഉപയോഗിച്ച് തയ്യാറാക്കുന്ന തുകൽ എന്താണ്?

A:-മൊറോക്കോ

B:-പെർച്ച്മൻറ്

C:-വെല്ലം

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question27:-ലൈബ്രറി ഉപയോഗത്തിനായി ഏറ്റവും അനുയോജ്യമായ തുകൽ ഏതാണ്?

A:-ആടുകളുടെ തുകൽ

B:-പശുക്കിടാക്കളുടെ തുകൽ

C:-ചെമ്മരിയാടിൻറെ തുകൽ

D:-പന്നിയുടെ തുകൽ

Correct Answer:- Option-D

Question28:-സാഡിൽ സ്റ്റിച്ചിംഗ് പ്രക്രിയയിൽ, സ്റ്റിച്ചിംഗ് പുസ്തകത്തിൻറെ ഏത് അറ്റത്തിൽ വരുന്നു?

A:-വശം

B:-പിൻഭാഗം

C:-ഇവ രണ്ടും

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question29:-പശ ബൈൻഡിംഗ് (അഡഹസീവ് ബൈൻഡിംഗ്) _____ എന്നുമറിയപ്പെടുന്നു.

A:-ഉന്നിച്ചേർക്കാത്ത ബൈൻഡിംഗ്

B:-പെർഫെക്റ്റ് ബൈൻഡിംഗ്

C:-ഇവ രണ്ടും

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question30:-ദീർഘകാലം നിലനിൽക്കുന്ന തുകൽ തൊലിബന്ധിത പുസ്തകങ്ങളിൽ ഏത് തരം "എൻഡ് പേപ്പർ" (End paper) ആണ് ഉപയോഗിക്കുന്നത്?

A:-സെൽഫ് എൻഡ് പേപ്പർ

B:-സിംഗിൾ എൻഡ് പേപ്പർ

C:-ഡബിൾ എൻഡ് പേപ്പർ

D:-മെയ്ഡ് എൻഡ് പേപ്പർ

Correct Answer:- Option-D

Question31:-പുസ്തകത്തിൻറെ ഏത് ഭാഗത്താണ് ഹെഡ് ബാൻഡുകൾ ഉറപ്പിച്ചിരിക്കുന്നത്?

A:-മുൻവശം

B:-പുസ്തകത്തിൻറെ തണ്ടിൻറെ ഇരുവശത്തും

C:-ബോർഡിൻറെ മുഴുവൻ നീളം

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question32:-കൂട്ടിച്ചേർത്ത താളുകൾ ശരിയായ ക്രമത്തിലാണ് എന്നത് പരിശോധിക്കുന്ന പ്രക്രിയ ഇവയിൽ ഏതാണ്?

A:-ഗാതറിംഗ്

B:-കൊളാറ്റിംഗ്

C:-ഇൻസെറ്റിംഗ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question33:-ഒറ്റബൈൻഡ് (Otabind)യും റെപ്കോവർ (Repkover)ഉം ഏത് തരം ബൈൻഡിംഗ് സാങ്കേതിക വിദ്യകളാണ്?

A:-പെർഫെക്ട് ബൈൻഡിംഗ്

B:-ലേ-ഫ്ലാറ്റ് ബൈൻഡിംഗ്

C:-നോച്ച് ബൈൻഡിംഗ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question34:-വയർ-ഒ (Wire-O) എന്ന ബൈൻഡിംഗ് സാങ്കേതിക വിദ്യ പൊതുവായി അറിയപ്പെടുന്നത് ഇവയിൽ ഏതാണ്?

A:-ഇരട്ട വയർ ബൈൻഡിംഗ്

B:-പോസ്റ്റ് ബൈൻഡർ

C:-തോങ്ങ് ബൈൻഡർ

D:-റിംഗ് ബൈൻഡർ

Correct Answer:- Option-A

Question35:-ഇവയിൽ ഏതാണ് ശരിയായത്?
ബർസ്റ്റ് കട്ടിംഗ് പ്രിൻസിപ്പിൾ അനുസരിച്ച്

A:-മുറിക്കൽ ശക്തി, ക്ലാംപ് ചെയ്തിരിക്കുന്ന മുറിക്കൽ സാമഗ്രിയുടെ സംഘർമ്മബലം (ടെൻഷൻ ഫോഴ്സ്) വഴി പ്രതിരോധിക്കപ്പെടുന്നു

B:-മുറിക്കുന്ന മെറ്റീരിയൽ താഴത്തെ കത്തിക്കെതിരെ മുറിഞ്ഞുതെറിക്കുന്നു

C:-കത്തി, മുറിക്കൽ ശക്തിയെ പിന്തുണയ്ക്കുന്ന ഒരു സമതല ഉപരിതലത്തിനെതിരെ മുറിക്കുന്നു

D:-ഇവയെല്ലാം

Correct Answer:- Option-A

Question36:-വേഗത്തിൽ പ്രവർത്തിക്കുന്ന പേപ്പർവെബ് വേർതിരിക്കാൻ ഇവയിൽ ഏതാണ് വേണ്ടത്?

A:-ലളിതമായ ക്രോസ് കട്ടറുകൾ

B:-റോട്ടറി ക്രോസ് കട്ടറുകൾ

C:-ഇവ രണ്ടും

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question37:-പഴയ പുസ്തകങ്ങൾ നന്നാക്കാൻ ഏറ്റവും അനുയോജ്യമായ തയ്യൽ ഏതാണ്?

A:-ഓവർ കാസ്റ്റ് തയ്യൽ

B:-ന്യൽ തയ്യൽ

C:-ടേപ്പ് തയ്യൽ

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question38:-പേപ്പർ പോലുള്ള വസ്തുക്കളിൽ എളുപ്പത്തിൽ കീറാനോ വേർതിരിക്കാനോ സഹായിക്കുന്നതിനു വേണ്ടി ചെറിയ തുളകളോ ചിരികകളോ ഉണ്ടാക്കുന്നതിനെ എന്ത് പറയും?

A:-ക്രീസിംഗ്

B:-സ്കോറിംഗ്

C:-പെർഫൊറേറ്റിംഗ്

D:-ഇവയെല്ലാം

Correct Answer:- Option-C

Question39:-പുസ്തകത്തിൻറെ കവറിനെ അതിൻറെ പിൻഭാഗത്തോടും അവസാന താളുകളോടും ഒട്ടിക്കുന്ന പ്രക്രിയയെ സാധാരണയായി എന്ത് വിളിക്കുന്നു?

A:-കേസിംഗ്-ഇൻ

B:-കേസ് നിർമ്മാണം

C:-ഇവ രണ്ടും

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question40:-ഇവയിൽ ഏതാണ് സാഡിൽ സ്റ്റിച്ചിംഗ് എന്നും അറിയപ്പെടുന്നു?

A:-സെൻറർ സ്റ്റിച്ചിംഗ്

B:-സൈഡ് സ്റ്റിച്ചിംഗ്

C:-ഇവ രണ്ടും

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question41:-ഓവർകാസ്റ്റ് തുന്നൽ (Overcast Sewing) ഉപയോഗിച്ച് തയ്യാറാക്കിയ പുസ്തകങ്ങളിൽ റൗണ്ടിംഗും ബാക്കിംഗും നടത്താൻ സാധിക്കാത്തത് എന്തുകൊണ്ട്?

A:-പുസ്തകത്തിൻറെ പുറംഭാഗം വളരെ കട്ടിയുള്ളതിനാൽ

B:-തുന്നൽ രീതി സെക്ഷനുകളെ അടിസ്ഥാനമാക്കിയല്ലാത്തതിനാൽ

C:-ഉപയോഗിക്കുന്ന പേപ്പർ വളരെ നേർത്തതിനാൽ

D:-പശയുടെ അളവ് കുറവായതിനാൽ

Correct Answer:- Option-B

Question42:-പെർഫെക്റ്റ് ബൈൻഡിംഗിൻറെ (Perfect Binding) പഴയ പേര് ഏതാണ്?

A:-കേസ് ബൈൻഡിംഗ്

B:-സെക്ഷൻ സ്യൂയിംഗ്

C:-അൺസോൺ ബൈൻഡിംഗ്

D:-സാഡിൽ സ്റ്റിച്ച് ബൈൻഡിംഗ്

Correct Answer:- Option-C

Question43:-പുസ്തക ബൈൻഡിംഗിൽ എൻഡ് പേപ്പറിൻറെ (End Paper) പ്രധാന ഉദ്ദേശ്യം എന്താണ്?

A:-പുസ്തക ബ്ലോക്കിനെയും കവറിനെയും ഉറപ്പായി ബന്ധിപ്പിക്കുക

B:-പുസ്തകത്തിൻറെ പുറംഭാഗം അലങ്കരിക്കുക

C:-പുസ്തകത്തിൻറെ കനം വർധിപ്പിക്കുക

D:-പേജുകളുടെ മഷി ഉണങ്ങാൻ സഹായിക്കുക

Correct Answer:- Option-A

Question44:-സ്പൈറൽ ബൈൻഡിംഗിൻറെ (Spiral Binding) പ്രധാന സവിശേഷത ഏതാണ്?

A:-പുസ്തകം 360° വരെ മടക്കി തുറക്കാൻ കഴിയും

B:-പുസ്തകം തുന്നൽ ഉപയോഗിച്ച് ബന്ധിപ്പിക്കുന്നു

C:-ഹാർഡ് കവർ നിർബന്ധമാണ്

D:-സെക്ഷൻ തുന്നൽ ആവശ്യമാണ്

Correct Answer:- Option-A

Question45:-വാർണിഷ് നിർമ്മാണത്തിന് അടിസ്ഥാന ഘടകമായി ഉപയോഗിക്കുന്നത് ഏതാണ്?

A:-ഗ്ലിസറിൻ

B:-ലിൻസീഡ് ഓയിൽ

C:-വെള്ളം

D:-ആൽക്കഹോൾ

Correct Answer:- Option-B

Question46:-ബുക്ക് ബൈൻഡിംഗിൽ ഉപയോഗിക്കുന്ന വെല്ലം (Vellum) എന്തിൽ നിന്നാണ് നിർമ്മിക്കുന്നത്?

A:-ആടിൻറെ തൊലി

B:-കൃത്രിമ ലെതർ

C:-പശുക്കിടാവിൻറെ തൊലി

D:-പരുത്തിത്തുണി

Correct Answer:- Option-C

Question47:-ബുക്ക് ബൈൻഡിംഗിൽ "ബാക്ക് ലൈനിംഗ്" (Back Lining) ചെയ്യുന്നതിൻറെ പ്രധാന ഉദ്ദേശ്യം എന്താണ്?

A:-പേജുകൾ അലങ്കരിക്കുക

B:-കവർ ബോർഡിൻറെ കനം വർധിപ്പിക്കുക

C:-പേജുകളുടെ വലിപ്പം ക്രമീകരിക്കുക

D:-പുസ്തകത്തിൻറെ സ്പൈൻ ഭാഗത്തിന് കൂടുതൽ ശക്തി നൽകുക

Correct Answer:- Option-D

Question48:-ബുക്ക് ബൈൻഡിംഗിൽ "ഇൻലേ (Inlay)" എന്നത് എന്താണ്?

A:-പുസ്തകത്തിൻറെ പുറംചട്ടയുടെ മുകളിൽ ഒട്ടിക്കുന്ന അലങ്കാര പാളി

B:-പുസ്തകത്തിൻറെ പുറംചട്ടയിൽ മുറിച്ചെടുത്ത കഴിയിലേക്ക് ഘടിപ്പിക്കുന്ന അലങ്കാര ഭാഗം

C:-പുസ്തകത്തിൻറെ പിൻഭാഗത്ത് ഒട്ടിക്കുന്ന തുണി

D:-പുസ്തകത്തിൻറെ അകത്തെ ഭാഗത്ത് ചേർക്കുന്ന വെറും പേപ്പർ ഷീറ്റ്

Correct Answer:- Option-B

Question49:-ബുക്ക് ബൈൻഡിംഗിൽ "ഗിൽഡിംഗ് (Gilding)" എന്നതിൻറെ പ്രധാന ഉദ്ദേശ്യം ഏതാണ്?

A:-പുസ്തകത്തിൻറെ പേജുകൾ തുന്നിച്ചേർക്കുക

B:-പുസ്തകത്തിൻറെ അരികുകളിലോ പുറംചട്ടയിലോ ഗോൾഡ് ലീഫ് അല്ലെങ്കിൽ ഗോൾഡ് ഫോയിൽ പതിപ്പിച്ച് അലങ്കരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക

C:-പുസ്തകത്തിൻറെ സ്പൈനിൽ തുണി ഒട്ടിക്കുക

D:-പുസ്തകത്തിൻറെ പേജുകളുടെ അരികുകൾ മുറിച്ച് ഒരേ വലുപ്പത്തിലാക്കുക

Correct Answer:- Option-B

Question50:-ബുക്ക് ബൈൻഡിംഗിൽ "കാപ്പിംഗ് അപ്പ് (Capping Up)" എന്നത് എന്താണ്?

A:-പുസ്തകത്തിൻറെ പേജുകൾ തുന്നിച്ചേർക്കുന്ന പ്രക്രിയ

B:-പുസ്തകത്തിൻറെ പേജുകളുടെ അരികുകൾ സ്വർണ്ണം പൂശുന്ന പ്രക്രിയ

C:-പുസ്തകത്തിൻറെ സ്പൈനിൻറെ (Spine) മുകളിലും താഴെയും പുറംചട്ടയുടെ അറ്റങ്ങൾ മടക്കി ഒട്ടിച്ച് ഉറപ്പും ഭംഗിയും നൽകുന്ന പ്രക്രിയ

D:-പുസ്തകത്തിൻറെ സ്പൈനിൽ തുണി ഒട്ടിക്കുന്ന പ്രക്രിയ

Correct Answer:- Option-C

Question51:-ബുക്ക് ബൈൻഡിംഗിൽ "Binding Lap" എന്നത് എന്താണ്?

A:-ബോർഡിൻറെ അരികുകൾക്കപ്പുറം നീളുന്ന കവറിംഗ് മെറ്റീരിയലിൻറെ അധികഭാഗം അകത്തേക്ക് മടക്കി ഒട്ടിക്കുന്ന ഭാഗം

B:-പുസ്തകത്തിൻറെ താളുകൾ തുന്നിച്ചേർക്കാൻ ഉപയോഗിക്കുന്ന നൂൽ

C:-പുസ്തകത്തിൻറെ സ്പൈനിൽ ഒട്ടിക്കുന്ന തുണി

D:-പുസ്തകത്തിൻറെ അകത്തെ അലങ്കാരപേപ്പർ

Correct Answer:- Option-A

Question52:-ബുക്ക് ബൈൻഡിംഗിൽ “സ്കൾപ്റ്റഡ് ഡൈ (Sculptured Die)" എന്നത് എന്താണ്?

A:-പുസ്തകത്തിൻറെ താളുകൾ തുന്നിച്ചേർക്കാൻ ഉപയോഗിക്കുന്ന ഉപകരണം

B:-പുസ്തകത്തിൻറെ അരികുകൾ മുറിക്കാൻ ഉപയോഗിക്കുന്ന കട്ടിംഗ് ഉപകരണം

C:-പുസ്തകത്തിൻറെ സ്പൈനിൽ പശ പുരട്ടാൻ ഉപയോഗിക്കുന്ന ഉപകരണം

D:-പുസ്തകത്തിൻറെ കവറിൽ ത്രിമാന (3D) എംബോസ്ഡ് ഡിസൈൻ നിർമ്മിക്കാൻ ഉപയോഗിക്കുന്ന പ്രത്യേകമായി കൊത്തിയെടുത്ത ലോഹ ഡൈ

Correct Answer:- Option-D

Question53:-ബുക്ക് ബൈൻഡിംഗിൽ കോൾഡ് ഫോയിൽ (Cold Foil) പ്രക്രിയയെ ഏറ്റവും ശരിയായി വിവരിക്കുന്നത് ഏതാണ്?

A:-ചൂടും മർദ്ദവും ഉപയോഗിച്ച് മെറ്റാലിക് ഫോയിൽ പുസ്തകത്തിൻറെ കവറിൽ പതിപ്പിക്കുന്ന പ്രക്രിയ

B:-ചൂട് ഉപയോഗിക്കാതെ, പശയും മർദ്ദവും ഉപയോഗിച്ച് പുസ്തകത്തിൻറെ കവറിൽ മെറ്റാലിക് ഫോയിൽ പതിപ്പിക്കുന്ന പ്രക്രിയ

C:-പുസ്തകത്തിൻറെ കവറിൽ മെറ്റാലിക് മഷി നേരിട്ട് അച്ചടിക്കുന്ന പ്രക്രിയ

D:-പുസ്തകത്തിൻറെ കവറിൽ വാർണിഷ് പൂശി തിളക്കമുള്ള ഫിനിഷ് നൽകുന്ന പ്രക്രിയ

Correct Answer:- Option-B

Question54:-താഴെ പറയുന്നവയിൽ പ്ലാസ്റ്റിക് കോംബ് ബൈൻഡിങ് (Plastic Comb Binding)-നെ ശരിയായി വിവരിക്കുന്നത് ഏതാണ്?

A:-തുളച്ച താളുകളിലൂടെ പ്ലാസ്റ്റിക് സ്പൈറൽ ചുരുട്ടിക്കയറ്റി ബൈൻഡ് ചെയ്യുന്ന രീതി

B:-തുളച്ച താളുകളിലൂടെ ഇരട്ട ലോഹ വയർ (Double Wire) ഘടിപ്പിക്കുന്ന ബൈൻഡിംഗ് രീതി

C:-തുളച്ച താളുകളിലൂടെ പ്ലാസ്റ്റിക് കോമ്പ് ഘടിപ്പിച്ച് ആവശ്യാനുസരണം താളുകൾ ചേർക്കാനോ നീക്കം ചെയ്യാനോ കഴിയുന്ന ബൈൻഡിംഗ് രീതി

D:-താളുകളുടെ സ്പൈനിൽ ചൂടുപശ ഉപയോഗിച്ച് കവർ ഒട്ടിക്കുന്ന ബൈൻഡിംഗ് രീതി

Correct Answer:- Option-C

Question55:-താഴെ പറയുന്നവയിൽ നോച് ബൈൻഡിങ് (Notch Binding)-ൻറെ പ്രധാന പ്രത്യേകത ഏതാണ്?

A:-താളുകളുടെ സ്പൈനിൽ ചെറിയ നോച്ചുകൾ (Notches) മുറിച്ച് പശയുടെ പിടുത്തം വർധിപ്പിച്ച് ബൈൻഡ് ചെയ്യുന്ന രീതി

B:-താളുകളുടെ സ്പൈൻ പരുക്കനാക്കി (Roughening) പശ നേരിട്ട് പുരട്ടി ബൈൻഡ് ചെയ്യുന്ന രീതി

C:-താളുകളുടെ സ്പൈനിൽ ചെറിയ സ്ലോട്ടുകൾ ഉണ്ടാക്കി ന്യൂൽ ഉപയോഗിച്ച് തുന്നി ബൈൻഡ് ചെയ്യുന്ന രീതി

D:-താളുകളുടെ സ്പൈനിൽ പെർഫറേഷൻ (Perforation) നൽകി ഹോട്ട് മെൽറ്റ് പശ ഉപയോഗിച്ച് ബൈൻഡ് ചെയ്യുന്ന രീതി

Correct Answer:- Option-A

Question56:-താഴെ പറയുന്നവയിൽ ഗാർഡിങ് (Guarding) എന്ന പ്രക്രിയയെ ശരിയായി വിവരിക്കുന്നത് ഏതാണ്?

A:-പുസ്തകത്തിൻറെ അകത്തെ കവറിൽ ഒരു പേപ്പർ പോക്കറ്റ് ഒട്ടിച്ച് മാപ്പുകളോ രേഖകളോ സൂക്ഷിക്കുന്ന പോക്കറ്റിങ് പ്രക്രിയ

B:-താളുകളുടെ സ്പൈനിൽ പേപ്പർ അല്ലെങ്കിൽ തുണി ഒട്ടിച്ച് മുഴുവൻ പുസ്തകബ്ലോക്കിൻറെ ശക്തി വർധിപ്പിക്കുന്ന ബാക്ക് ലൈനിങ് (Back Lining) പ്രക്രിയ

C:-താളുകളുടെ അകത്തെ അരികിൽ ചെറിയ നോച്ചുകൾ (Notches) മുറിച്ച് പശയുടെ പിടുത്തം വർധിപ്പിക്കുന്ന നോച് ബൈൻഡിങ് (Notch Binding) പ്രക്രിയ

D:-താളുകളുടെ അകത്തെ അരികിൽ ഇടുങ്ങിയ പേപ്പർ/തുണി ഒട്ടിച്ച് താളുകൾ ബലപ്പെടുത്തുകയും ലൂസ് ഷീറ്റുകൾ തുന്നിച്ചേർക്കാൻ സഹായിക്കുകയും ചെയ്യുന്ന പ്രക്രിയ

Correct Answer:- Option-D

Question57:-താഴെ പറയുന്നവയിൽ ബ്ലൈൻഡ് ടൂളിങ് (Blind Tooling) എന്ന പ്രക്രിയയെ ശരിയായി വിവരിക്കുന്നത് ഏതാണ്?

A:-ഗോൾഡ് ഫോയിൽ, ഫോയിൽ, അല്ലെങ്കിൽ മഷി ഉപയോഗിക്കാതെ ചൂടാക്കിയ ടൂളുകളോ ഡൈകളോ ഉപയോഗിച്ച് പുസ്തകക്കവറിൽ ഉയർന്നതോ താഴ്ന്നതോ ആയ അലങ്കാര മുദ്രകൾ സൃഷ്ടിക്കുന്ന പ്രക്രിയ

B:-ചൂടാക്കിയ ഡൈയും ഗോൾഡ് ഫോയിലും ഉപയോഗിച്ച് പുസ്തകക്കവറിൽ അലങ്കാര മുദ്രകൾ സൃഷ്ടിക്കുന്ന ഗോൾഡ് ടൂളിങ് പ്രക്രിയ

C:-ചൂട് ഉപയോഗിക്കാതെ പശയും മർദ്ദവും ഉപയോഗിച്ച് മെറ്റാലിക് ഫോയിൽ പതിപ്പിക്കുന്ന കോൾഡ് ഫോയിൽ (Cold Foiling) പ്രക്രിയ

D:-ചൂടാക്കിയ ഡൈ ഉപയോഗിച്ച് മെറ്റാലിക് ഫോയിൽ പുസ്തകക്കവറിൽ പതിപ്പിക്കുന്ന ഹോട്ട് ഫോയിലിങ് പ്രക്രിയ

Correct Answer:- Option-A

Question58:-ബുക്ക് ബൈൻഡിംഗിൽ പാറിങ് ലെതർ (Paring Leather) എന്നത് എന്താണ്?

A:-ലെതറിൻറെ ഉപരിതലത്തിൽ ഗോൾഡ് ഫോയിൽ പതിപ്പിക്കുന്ന പ്രക്രിയ

B:-ബുക്ക് കവറിംഗിനായി ഉപയോഗിക്കുന്നതിന് മുമ്പ് ലെതറിൻറെ അരികുകളുടെയോ തിരഞ്ഞെടുത്ത ഭാഗങ്ങളുടെയോ കനം കുറയ്ക്കുന്ന പ്രക്രിയ

C:-ലെതറിൽ അലങ്കാര ഡിസൈനുകൾ എംബോസ് ചെയ്യുന്ന പ്രക്രിയ

D:-ലെതറിൻറെ ഉപരിതലത്തിൽ പശ പുരട്ടി ബോർഡിൽ ഒട്ടിക്കുന്ന പ്രക്രിയ

Correct Answer:- Option-B

Question59:-ബുക്ക് ബൈൻഡിംഗിൽ പല്ലെറ്റ് (Pallet) എന്നത് എന്താണ്?

A:-പുസ്തകത്തിൻറെ സ്പൈനിൽ പശ പുരട്ടാൻ ഉപയോഗിക്കുന്ന ഉപകരണം

B:-പുസ്തകത്തിൻറെ താളുകൾ തുന്നാൻ ഉപയോഗിക്കുന്ന ലോഹ സൂചി

C:-പുസ്തകത്തിൻറെ കവറിലോ സ്പൈനിലോ നേരായ വരകളോ അലങ്കാര ബോർഡറുകളോ പതിപ്പിക്കാൻ ഉപയോഗിക്കുന്ന ഫിനിഷിംഗ് ടൂൾ

D:-പുസ്തകത്തിൻറെ സ്പൈനിൽ പശ പുരട്ടാൻ ഉപയോഗിക്കുന്ന ഉപകരണം

Correct Answer:- Option-C

Question60:-ബുക്ക് ബൈൻഡിംഗിൽ PVA (Polyvinyl acetate)-യുടെ പ്രധാന സവിശേഷത ഏതാണ്?

A:-ജലാധിഷ്ഠിത സിന്തറ്റിക് പശയായി പ്രവർത്തിച്ച് ശക്തവും വഴക്കമുള്ളതുമായ ബന്ധം നൽകുന്നു

B:-ചൂടാക്കി ഉരുക്കി മാത്രം ഉപയോഗിക്കുന്ന തെർമോപ്ലാസ്റ്റിക് പശയാണ്

C:-ജലവുമായി കലർത്തിയ മൃഗങ്ങളുടെ പശ (Animal Glue) ആണ്

D:-ചൂട് ഉപയോഗിക്കാതെ മെറ്റാലിക് ഫോയിൽ പതിപ്പിക്കാൻ ഉപയോഗിക്കുന്ന പശയാണ്

Correct Answer:- Option-A

Question61:-ബക്കിൾ ഫോൾഡിംഗ് യൂണിറ്റുകളിൽ പ്രോസസ് ചെയ്യാൻ കഴിയാത്ത പേപ്പർ ഭാര പരിധി ഏതാണ്?

A:-40 g/m^2-ൽ കുറഞ്ഞതും 120 g/m^2-ൽ കൂടിയതും

B:-30 g/m^2-ൽ കുറഞ്ഞതും 100 g/m^2-ൽ കൂടിയതും

C:-50 g/m^2-ൽ കുറഞ്ഞതും 150 g/m^2-ൽ കൂടിയതും

D:-60 g/m^2-ൽ കുറഞ്ഞതും 200 g/m^2-ൽ കൂടിയതും

Correct Answer:- Option-A

Question62:-സിഗ്നേച്ചറുകൾ ക്രമമായി വിന്യസിക്കാത്തതുമൂലം ട്രിമ്മിംഗ് ചെയ്യുന്ന സമയത്ത് ഉണ്ടാകുന്ന ട്രിമ്മിംഗ് പിശകിന് പറയുന്ന പേരെന്താണ്?

A:-ഓഫ് കട്ട്

B:-ട്രിം ഔട്ട്

C:-ഫാൻ ഔട്ട്

D:-സ്റ്റെപ് കട്ട്

Correct Answer:- Option-D

Question63:-നൈഫ് ഫോൾഡിംഗ് യൂണിറ്റുകളിൽ, ഫോൾഡിംഗ് നൈഫ് ഷീറ്റിൻറെ നിർദ്ദിഷ്ട ഫോൾഡ് ലൈനിൽ അടിക്കാനായി ഏത് സംവിധാനത്തിലൂടെ ട്രിഗർ ചെയ്യപ്പെടുന്നു?

A:-ന്യൂമാറ്റിക് പ്രഷർ സെൻസർ

B:-ഷീറ്റിൻറെ സ്ഥാനം കണ്ടുപിടിക്കുന്ന ഒപ്റ്റോ-ഇലക്ട്രോണിക് സെൻസർ

C:-മെക്കാനിക്കൽ ക്യാം ആൻഡ് ഫോളോവർ

D:-ഹൈഡ്രോളിക് ആക്ച്വേറ്റർ

Correct Answer:- Option-B

Question64:-നാല് യൂണിറ്റ് ബക്കിൾ ഫോൾഡിംഗ് മെഷീനിൽ ഉപയോഗിക്കാൻ കഴിയുന്ന ഫോൾഡിംഗ് മൊഡ്യൂളുകളുടെ പരമാവധി എണ്ണം എത്രയാണ്?

A:-എട്ട്

B:-പന്ത്രണ്ട്

C:-പതിനെട്ട്

D:-ഇരുപത്തിനാല്

Correct Answer:- Option-C

Question65:-പെർഫെക്ട് ബൈൻഡിംഗിൽ, ആധുനിക പെർഫെക്ട് ബൈൻഡിംഗ് മെഷീനുകളിൽ ഉപയോഗിക്കുന്ന സ്പൈൻ പ്രോസസ്സിംഗ് രീതി ഏതാണ്?

A:-ഫാൻ (പാഡ്ലിംഗ്) തത്ത്വം

B:-സ്പൈൻ റൂട്ടിംഗ് രീതി

C:-നോച്ച് (പെർഫറേറ്റിംഗ്) ബൈൻഡിംഗ്

D:-ഫ്ലക്സോ-സ്റ്റേബിൾ ബൈൻഡിംഗ്

Correct Answer:- Option-B

Question66:-പ്രിൻറ് ഫിനിഷിംഗിനായി ഗില്ലറ്റിൻ കട്ടറുകളിൽ ഏത് തരത്തിലുള്ള കട്ടിങ് ആണ് കട്ടി കൂടിയ മെറ്റീരിയൽസ് (Tough Materials) കട്ട് ചെയ്യുന്നതിന് കൂടുതൽ അനുയോജ്യമായത്?

A:-സ്വിംഗിംഗ് പെർപെൻഡിക്യുലാർ കട്ട്

B:-സമാന്തര ഡയഗണൽ കട്ട്

C:-സമാന്തര ലംബമായ കട്ട്

D:-സ്വിംഗിംഗ് ഡയഗണൽ കട്ട്

Correct Answer:- Option-C

Question67:-താഴെ പറയുന്നവയിൽ ശെരിയായ പ്രസ്താവന തിരഞ്ഞെടുക്കുക
(I) കട്ടിങ് ആംഗിൾ കുറയുന്നതിനനുസരിച്ച് നൈഫിൻറെ ലൈഫ് (മൂർച്ച) കുറയുന്നു.
(II) കട്ടിങ് ആംഗിൾ കൂടുന്നതിനനുസരിച്ച് നൈഫിൻറെ ലൈഫ് (മൂർച്ച) കൂടുന്നു.
(III) സോഫ്റ്റ് കട്ടിങ് മെറ്റീരിയൽ കട്ട് ചെയ്യുന്നതിന് കൂടുതൽ ഫോഴ്സ് ആവശ്യമാണ്.
(IV) ഹാർഡ് കട്ടിങ് മെറ്റീരിയൽസ് കട്ട് ചെയ്യുന്നതിന് നൈഫിൻറെ ആംഗിൾ കുറഞ്ഞിരിക്കണം.

A:-I, II, IV

B:-II, III, IV

C:-I, III, IV

D:-I, II, III

Correct Answer:- Option-D

Question68:-ലോൺജിടുഡിനൽ വെബ് സ്ലിറ്റുകൾ (റീൽ സ്ലിറ്റുകൾ) ഉൽപ്പാദിപ്പിക്കുന്ന നേർത്ത റിബ്ബണുകളുടെ സാധാരണ വീതി ഏത് പരിധിയിലാണ്?

A:-1-10 mm

B:-100-500 mm

C:-50-200 mm

D:-5-50 mm

Correct Answer:- Option-D

Question69:-ഫോൾഡിങ് മെഷീനിൽ ഈ ചിഹ്നം ━━━━ (thick line) സൂചിപ്പിക്കുന്നത് എന്താണ്?

A:-നൈഫ് ഷാഫ്റ്റ്

B:-നൈഫ് ഫോൾഡിങ് മോഡ്യൂൾ

C:-ബക്കിൾ ഫോൾഡിങ് മോഡ്യൂൾ വിത്ത് അപ്പർ ബക്കിൾ പ്ലേറ്റ്

D:-ബക്കിൾ ഫോൾഡിങ് മോഡ്യൂൾ വിത്ത് ലോവർ ബക്കിൾ പ്ലേറ്റ്

Correct Answer:- Option-C

Question70:-സ്വിംഗിംഗ് ഡയഗണൽ കട്ട് ഉപയോഗിക്കുമ്പോൾ ഏറ്റവും ഉയർന്ന ലംബ ബലം (N/mm) അതായത് സ്പെസിഫിക് കട്ടിംഗ് റെസിസ്റ്റൻസ് ആവശ്യമുള്ള വസ്തു ഏതാണ്?

A:-ബുക്ക് പേപ്പർ

B:-ആർട്ട് പേപ്പർ

C:-കാർഡ്ബോർഡ്

D:-ന്യൂസ്പ്രിൻറ്

Correct Answer:- Option-C

Question71:-ഗാതറിംഗ് മെഷീനിൽ സിഗ്നേച്ചേർസ് സെപറേറ്റ് ചെയ്യാനും ഇറക്കാനും റോൾ ഓഫ് ഫീഡർ മെക്കാനിസം ഉപയോഗിക്കുന്നുണ്ട് ആയതിനു ഉദാഹരണം താഴെ പറയുന്നവയിൽ ഏതാണ്?

A:-ഹെപ്പ് ഫീഡ്

B:-സിലിണ്ടർ ഫീഡ്

C:-പല്ലെറ്റ് ഫീഡർ

D:-ബോക്സ്/സക്ഷൻ

Correct Answer:- Option-A

Question72:-ഫോൾഡിങ് മെഷീനിൽ ഈ ചിഹ്നം ---------- (Dotted line) സൂചിപ്പിക്കുന്നത് എന്താണ്?

A:-ടൂൾ ക്യാരിയിങ് ഷാഫ്റ്റ്

B:-നൈഫ് ഫോൾഡിങ് മോഡ്യൂൾ ഇൻറഗ്രേറ്റഡ് വിത്ത് ബക്കിൾ ഫോൾഡിങ് മോഡ്യൂൾ

C:-ബക്കിൾ ഫോൾഡിങ് മോഡ്യൂൾ വിത്ത് അപ്പർ ബക്കിൾ പ്ലേറ്റ്

D:-ബക്കിൾ ഫോൾഡിങ് മോഡ്യൂൾ വിത്ത് ലോവർ ബക്കിൾ പ്ലേറ്റ്

Correct Answer:- Option-A

Question73:-വലിയ ഷീറ്റ് വലിപ്പമുള്ള ഫോൾഡിംഗ് മെഷീനുകളിൽ, നേരിട്ട് ഫിനിഷിംഗ് സാധ്യമാക്കുന്നതിനായി കൂടുതലായി കണ്ടു വരുന്ന ഫീഡിങ് രീതി

A:-സ്ലീം ഫീഡർ

B:-പല്ലെറ്റ് ഫീഡർ

C:-ബോക്സ്/സക്ഷൻ

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question74:-മോഡിഫൈഡ് അറ്റ്മോസ്ഫിയർ പ്യാക്കേജിംഗിൽ നൈട്രജൻ (N_2)-ൻറെ പ്രധാന ധർമ്മം ഏതാണ്?

A:-നേരിട്ടുള്ള ആൻറിമൈക്രോബിയൽ പ്രവർത്തനം വഴി മൈക്രോബ് വളർച്ച തടയൽ

B:-പുതിയ ഉൽപ്പന്നങ്ങളിലെ എൻസൈമാറ്റിക് ബ്രൗണിംഗ് തടയൽ

C:-കൂടുതൽ പ്രതിപ്രവർത്തന ശേഷിയുള്ള വാതകങ്ങളെ ഒഴിവാക്കുന്ന നിഷ്ക്രിയ ഫില്ലർ വാതകമായി പ്രവർത്തിക്കൽ

D:-ഭക്ഷ്യ അന്തരീക്ഷം അസിഡിഫൈ ചെയ്യുന്ന കാർബോണിക് ആസിഡ് ഉൽപ്പന്നിക്കൽ

Correct Answer:- Option-C

Question75:-കോറുഗേറ്റർ അഡിസീവ്സ് - സ്റ്റാർച്ച് ബേസ്ഡ് ആണ് സാധരണയായ് ഉപയോഗിക്കുന്നത്, അന്നജത്തെ (സ്റ്റാർച്ച്) ഉയർന്ന വിസ്കോസിറ്റിയും ടാക്കും ഉള്ള കൂടുതൽ ശാഖിതമായ പോളിമർ ശൃംഖലയാക്കി മാറ്റുന്നതിനുവേണ്ടി ഏത് രാസ പദാർത്ഥം ആണ് അതിനോട് ചേർക്കുന്നത്?

A:-സിലിക്കേറ്റ്

B:-ബോറാക്സ്

C:-കേസിൻ

D:-നാച്ചുറൽ റബ്ബർ ലേറ്റക്സ്

Correct Answer:- Option-B

Question76:-റിജിഡ് PVC ഫിലിമിൻറെ തെർമോഫോർമിംഗിൽ, ഏത് താപനില ശ്രേണിയെ 'നോ മ്യാൻസ് ലാൻഡ്' (No Man's Land) എന്ന് വിളിക്കുന്നു?

A:-135°C - 170°C

B:-105°C - 135°C

C:-170°C - 185°C

D:-185°C - 220°C

Correct Answer:- Option-A

Question77:-മോഡിഫൈഡ് അറ്റ്മോസ്ഫിയർ പ്യാക്കേജിംഗിൽ (MAP), 0°C-ൽ 100 ml വെള്ളത്തിൽ 179.7 cm^3 ലയിക്കുന്നതും 10-15%-ൽ കൂടിയ സാന്ദ്രതയിൽ ആൻറിമൈക്രോബിയൽ ഫലം ഉള്ളതുമായ വാതകം ഏതാണ്?

A:-ഓക്സിജൻ (O_2)

B:-നൈട്രജൻ (N_2)

C:-കാർബൺ ഡൈ ഓക്സൈഡ് (CO_2)

D:-ആർഗോൺ (Ar)

Correct Answer:- Option-C

Question78:-MRE (Meal Ready-to-Eat) റിടോർടബിൾ പൗച്ചിൻറെ ഘടനയിൽ, ഏറ്റവും അകത്തെ (സീലൻറ്) ലേയർ ഏതാണ്, അതിൻറ കാരണം?

A:-BOPET ഉയർന്ന ഊഷ്മാവ് പ്രതിരോധം, ഡൈമൻഷണൽ സ്ഥിരത

B:-കാസ്റ്റ് പോളിപ്രൊഫൈലിൻ (cPP) - ഹീറ്റ് സീലബിലിറ്റി, ഫ്ലെക്സിബിലിറ്റി, ടേസ്റ്റ്/ഗന്ധ കുറഞ്ഞ കൈമാറ്റം

C:-അലൂമിനിയം ഫോയിൽ - പരമാവധി ഓക്സിജൻ, ഈർപ്പ ബാരിയർ

D:-ബൈ-ആക്സ്യൽ ഓറിയൻറഡ് പോളിആമൈഡ്-6 - തണുത്ത കാലാവസ്ഥ ഹാൻഡ്ലിംഗ്

Correct Answer:- Option-B

Question79:-കോറുഗേറ്റഡ് ബോർഡ് നിർമ്മാണത്തിൽ, 'ശക്തി' (Strength) എന്ന് അർത്ഥം വരുന്ന സ്വീഡിഷ് വാക്കിൽ നിന്ന് നാമം ലഭിച്ച അടിസ്ഥാന അസംസ്കൃത വസ്തുവിൻറെ ശരിയായ നാമം ഏതാണ്?

A:-സെമിക്കം മീഡിയം

B:-ക്രാഫ്റ്റ് ലൈനർബോർഡ്

C:-റീസൈക്കിൾഡ് കണ്ടെയ്നർബോർഡ്

D:-ബ്ലീച്ഡ് വൈറ്റ് പൾപ്പ്

Correct Answer:- Option-B

Question80:-കോറുഗേറ്റഡ് ബോർഡിൽ, ഏത് ഫ്ലൂട്ട് ടൈപ്പ് ആണ് ഏറ്റവും മികച്ച പ്രിൻറിംഗ് ഉപരിതലം നൽകുന്നതും പോയിൻറ്-ഓഫ്-പർച്ചേസ് ഡിസ്പ്ലേ ആപ്ലിക്കേഷനുകൾക്ക് ഏറ്റവും അനുയോജ്യവും ആയത്?

A:-A-ഫ്ലൂട്ട്

B:-B-ഫ്ലൂട്ട്

C:-C-ഫ്ലൂട്ട്

D:-E-ഫ്ലൂട്ട്

Correct Answer:- Option-D

Question81:-പ്ലാസ്റ്റിക് പാക്കേജിംഗ് സാമഗ്രികളെ (Plastic packaging materials) സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരിയായിട്ടുള്ളത്?
പ്രസ്താവനകൾ:
(i) ഓക്സിജൻ, കാർബൺ ഡയോക്സൈഡ്, നൈട്രജൻ തുടങ്ങിയ വാതകങ്ങളും അവയോടൊപ്പം ജലബാഷ്പവും (Water vapour) ഓർഗാനിക് സോൾവെൻറുകളും പ്ലാസ്റ്റിക്കിലൂടെ തുളച്ചുകയറുന്നു (Permeate ചെയ്യുന്നു).
(ii) ഈ തുളച്ചുകയറ്റത്തിൻറെ നിരക്ക് (Rate of permeation) പ്ലാസ്റ്റിക്കിൻറെ തരത്തെ ആശ്രയിച്ചിരിക്കുന്നു.
(iii) തുളച്ചുകയറ്റത്തിൻറെ നിരക്ക് പ്ലാസ്റ്റിക്കിൻറെ കനത്തെയും (Thickness) സമ്പർക്കത്തിൽ വരുന്ന ഉപരിതല വിസ്തീർണ്ണത്തെയും (Surface area of contact) ആശ്രയിച്ചിരിക്കുന്നു.

A:-Only (i and ii) (i-ഉം and ii-ഉം മാത്രം)

B:-Only (ii and iii) (ii-ഉം and iii-ഉം മാത്രം)

C:-All of the above (മുകളിൽ പറഞ്ഞവയെല്ലാം)

D:-None of the above (മുകളിൽ പറഞ്ഞവയെയൊന്നും അല്ല)

Correct Answer:- Option-C

Question82:-പേപ്പർ നിർമ്മാണത്തിൽ ബ്രൈറ്റ്നസ് (Brightness) എന്ന ഒപ്റ്റിക്കൽ പ്രോപ്പർട്ടിയുടെ റഫറൻസ് ആയി ഉപയോഗിക്കുന്നത് എന്താണ്?

A:-Magnesium Oxide (മഗ്നീഷ്യം ഓക്സൈഡ്)

B:-Calcium Carbonate (കാൽസ്യം കാർബണേറ്റ്)

C:-Titanium Dioxide (ടൈറ്റാനിയം ഡയോക്സൈഡ്)

D:-Talc White (ടാൽക് വൈറ്റ്)

Correct Answer:- Option-A

Question83:-MAP (Modified Atmosphere Packaging)-നെ സംബന്ധിച്ച് താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിക്കുക. ഇവയിൽ ഏത് പ്രസ്താവനയാണ്/പ്രസ്താവനകളാണ് തെറ്റായിട്ടുള്ളത് (Wrong)?
പ്രസ്താവനകൾ:
(i) പാക്കറ്റ് സീൽ ചെയ്യുന്നതിന് തൊട്ടുമുമ്പ് അതിനുള്ളിലെ വായു പുറന്തള്ളാനാണ് ഗ്യാസ് ഫ്ലഷിംഗ് (Gas flushing) നടത്തുന്നത്.
(ii) MAP-ൽ പ്രധാനമായും ഉപയോഗിക്കുന്ന മൂന്ന് വാതകങ്ങൾ O_2, CO_2, N_2 എന്നിവയാണ്.
(iii) പാക്ക് ചെയ്യേണ്ട ഭക്ഷണസാധനം ഏതാണെന്നതിനെ പൂർണ്ണമായും ആശ്രയിച്ചാണ് വാതകങ്ങളുടെ തിരഞ്ഞെടുപ്പ് നടക്കുന്നത്.

A:-i-ഉം ii-ഉം മാത്രം

B:-ii-ഉം iii-ഉം മാത്രം

C:-മുകളിൽ പറഞ്ഞവയെല്ലാം

D:-മുകളിൽ പറഞ്ഞവയെയൊന്നും അല്ല

Correct Answer:- Option-D

Question84:-ഡ്രൈ ഓഫ്സെറ്റ് (Dry Offset) എന്ന വിഷയത്തെ സംബന്ധിച്ചുള്ള പ്രസ്താവനകൾ താഴെ നൽകുന്നു. ഇവയിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ്?
പ്രസ്താവനകൾ:
(i) ഇത് ഒരു റിലീഫ് പ്രിൻറിംഗ് പ്ലേറ്റ് (Relief printing plate) ഉപയോഗിക്കുന്നു.
(ii) ചിത്രം കൈമാറാൻ (Image transfer ചെയ്യാൻ) ഇതിന് ഒരു ബ്ലാങ്കറ്റ് (Blanket) ആവശ്യമാണ്.
(iii) വൃത്താകൃതിയിലുള്ളതും ചരിവുള്ളതുമായ (Round and tapered) പാത്രങ്ങളിൽ പ്രിൻറ് ചെയ്യുന്നതിനായിട്ടാണ് ഇത് പ്രത്യേകം വികസിപ്പിച്ചെടുത്തിട്ടുള്ളത്.

A:-പ്രസ്താവന i മാത്രം

B:-പ്രസ്താവന ii മാത്രം

C:-പ്രസ്താവന iii മാത്രം

D:-മുകളിൽ പറഞ്ഞവയെയൊന്നും അല്ല

Correct Answer:- Option-D

Question85:-തന്നിരിക്കുന്ന ഓപ്ഷനുകളിൽ നിന്ന്, പേപ്പറിൻറെ മെക്കാനിക്കൽ പ്രോപ്പർട്ടി (Mechanical property) ഏതാണെന്ന് കണ്ടെത്തുക?

A:-Basis Weight (ബേസിസ് വെയിറ്റ്)

B:-Burst Resistance (ബേസ്റ്റ് റെസിസ്റ്റൻസ്)

C:-Caliper (കാലിപ്പർ)

D:-Opacity (ഒപാസിറ്റി)

Correct Answer:- Option-B

Question86:-താഴെ പറയുന്നവയിൽ ഏത് റോളർ (Roller) ഉപയോഗിച്ചാണ് പേപ്പറിൽ വാട്ടർമാർക്ക് (Watermark) നിർമ്മിക്കുന്നത്?

A:-Forming Roll (ഫോമിംഗ് റോൾ)

B:-Suction Press Roll (സക്ഷൻ പ്രസ്സ് റോൾ)

C:-Dandy Roll (ഡാൻഡി റോൾ)

D:-Suction Couch Roll (സക്ഷൻ കൗച്ച് റോൾ)

Correct Answer:- Option-C

Question87:-പോസ്റ്റ്പ്രസ്സ് (Postpress/ഫിനിഷിംഗ്) പ്രക്രിയകളെ സംബന്ധിച്ച് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക. ഇവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് (Right sentences)?
പ്രസ്താവനകൾ:
(i) മടക്കുകളുടെ കൃത്യത (Folding accuracy), മടക്കുന്ന ഭാഗങ്ങളിൽ പേപ്പറിന് ഉണ്ടാകുന്ന രൂപമാറ്റം (Deformation), വ്യക്തമായി നിർവ്വചിക്കപ്പെട്ട മടക്കുകൾ (Sharply defined folds) എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഫോൾഡ് ചെയ്ത ഷീറ്റുകളുടെ ഗുണനിലവാരം (Quality) നിശ്ചയിക്കുന്നത്.
(ii) ഗേറ്റ് ഫോൾഡ് (Gate fold) എന്നത് അസമമായ മടക്കുകളുടെ (Asymmetrical fold schemes) കീഴിൽ വരുന്ന ഒന്നല്ല.
(iii) ഫോൾഡിംഗ് മെഷീനുകളിൽ, ഇടത്തരം മുതൽ വലിയ അളവിലുള്ള പ്രിൻറിംഗ് ജോലികൾക്കായി (High to medium volume jobs) ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് റോട്ടറി പൈൽ ഫീഡറുകളാണ് (Rotary pile feeders).

A:-i-ഉം ii-ഉം മാത്രം

B:-i-ഉം iii-ഉം മാത്രം

C:-മുകളിൽ പറഞ്ഞവയെല്ലാം

D:-മുകളിൽ പറഞ്ഞവയൊന്നും അല്ല

Correct Answer:- Option-B

Question88:-തന്നിരിക്കുന്ന ഓപ്ഷനുകളുടെ സഹായത്തോടെ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ (False statements) ഏതാണെന്ന് കണ്ടെത്തുക.
പ്രസ്താവനകൾ (Statements):
(i) കലണ്ടറിംഗ് പ്രക്രിയ (Calendering process) പേപ്പർ നിർമ്മാണ പ്രക്രിയയുടെ ഭാഗമാണ്.
(ii) പേപ്പറിൻറെ മിനുസവും (Smoothness) ഫിനിഷും വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു പ്രക്രിയയാണ് കലണ്ടറിംഗ്.
(iii) കലണ്ടറിംഗ് പ്രക്രിയ പേപ്പറിൻറെ കനത്തെ (Thickness) നിയന്ത്രിക്കുന്നില്ല.
(iv) കലണ്ടറിംഗ് പ്രക്രിയ ചെയ്യാൻ കുറഞ്ഞത് 3 സിലിണ്ടറുകൾ എങ്കിലും ആവശ്യമാണ്.

A:-i & iv മാത്രം

B:-i & iii മാത്രം

C:-ii & iii മാത്രം

D:-iii & iv മാത്രം

Correct Answer:- Option-D

Question89:-ഒരു പേപ്പറിൻറെ ടിയറിംഗ് (Tearing resistance) എന്നാൽ എന്താണ്?

A:-പേപ്പറിൽ പുതിയതായി ഒരു കീറൽ (Tear) ഉണ്ടാക്കാൻ ആവശ്യമായ ബലം (Force)

B:-മുൻകൂട്ടി ഉണ്ടാക്കിയ ഒരു കീറലിൽ (Initiated cut) നിന്നും ആ കീറൽ മുന്നോട്ട് കൊണ്ടുപോകാൻ (Propagate ചെയ്യാൻ) ആവശ്യമായ ബലം.

C:-പേപ്പറിൽ പുതിയൊരു കീറൽ ഉണ്ടാക്കാനും അത് മുന്നോട്ട് കൊണ്ടുപോകാനും ആവശ്യമായ ബലം.

D:-പേപ്പറിൽ ഒരു കീറൽ ഉണ്ടാകുന്നതിനെ പ്രതിരോധിക്കാൻ ആവശ്യമായ ബലം.

Correct Answer:- Option-B

Question90:-മോഡിഫൈഡ് അറ്റ്മോസ്ഫിയർ പാക്കേജിംഗിൽ (MAP), നൈട്രജൻ (N_2) പ്രധാനമായും ഒരു 'ഫില്ലർ ഗ്യാസ്' (Filler gas) ആയി ഉപയോഗിക്കുന്നത് ഏത് പ്രത്യേക ആവശ്യത്തിനാണ്?

A:-വായുരഹിത ബാക്ടീരിയകളുടെ (Anaerobic bacteria) വളർച്ചയെ തടയാൻ

B:-വോളിയം കുറയുന്നത് പരിഹരിച്ച് പാക്കറ്റ് ചുരുങ്ങിപ്പോകുന്നത് (Pack collapse) തടയാൻ

C:-പുതിയ ഇറച്ചിയിലെ (Fresh meat) തിളക്കമുള്ള ചുവപ്പ് നിറം നിലനിർത്താൻ

D:-ഓക്സിഡേഷൻ പ്രക്രിയ വേഗത്തിലാക്കാനുള്ള ഒരു കാറ്റലിസ്റ്റ് (Catalyst) ആയി പ്രവർത്തിക്കാൻ

Correct Answer:- Option-B

Question91:-ഗ്ലാസ് പാക്കേജിംഗിൻറെ (Glass packaging) പശ്ചാത്തലത്തിൽ, "ഫിനിഷ്" (Finish) എന്ന പദം സൂചിപ്പിക്കുന്നത് എന്തിനെയാണ്?

A:-കൂപ്പിയുടെ ശരീരഭാഗത്ത് ചെയ്യുന്ന അലങ്കാര സെറാമിക് പ്രിൻറിംഗിനെ (Decorative ceramic printing)

B:-കൂപ്പിക്ക് ഘടനാപരമായ സ്ഥിരത നൽകുന്ന അതിൻറെ ഏറ്റവും താഴത്തെ അടിഭാഗത്തെ (Base)

C:-കൂപ്പിയുടെ കഴുത്തുഭാഗത്ത് (Neck) ഏറ്റവും ആദ്യം രൂപപ്പെടുത്തുന്നതും അടപ്പ് (Closure) മുറുക്കി വെക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതുമായ ഭാഗത്തെ

D:-ഗ്ലാസിലെ ആന്തരിക സമ്മർദ്ദം (Residual strain) കുറയ്ക്കുന്ന അനീലിങ് പ്രക്രിയയെ (Annealing process)

Correct Answer:- Option-C

Question92:-താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വായിച്ച് അവയിൽ ഏതാണ് ശരിയെന്ന് കണ്ടെത്തുക?
പ്രസ്താവനകൾ (Statements):
(i) കോളം/ബ്രിഡ്ജ് ഡൈ-കട്ടറുകൾ (Column/Bridge Die-Cutters), വെർട്ടിക്കൽ ഡൈ കട്ടറുകൾ (Vertical die cutters) എന്നിവയ്ക്ക് ഒരൊറ്റ പാസ്സിൽ (Single pass) ഒന്നിലധികം ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ ബ്ലാങ്കുകൾ മുറിച്ചെടുക്കാൻ സാധിക്കും.
(ii) ഡൈ ബെവൽ (Die bevel) കോൺ (angle) എപ്പോഴും 15നും 18നും ഇടയിലാണ് സൂക്ഷിക്കുന്നത്.
(iii) ഡൈ ബേസിലേക്ക് (Die base) കൃത്യമായ രൂപങ്ങൾ (Contours) മുറിച്ചെടുക്കുന്നതിന് കാര്യക്ഷമതയ്ക്കായി കമ്പ്യൂട്ടർ നിയന്ത്രിത ലേസർ കട്ടറുകൾ (Computer-controlled laser cutters) ഉപയോഗിക്കുന്നു.

A:-i-ഉം ii-ഉം ശരിയാണ്

B:-ii-ഉം iii-ഉം ശരിയാണ്

C:-എല്ലാ പ്രസ്താവനകളും ശരിയാണ്

D:-എല്ലാ പ്രസ്താവനകളും തെറ്റാണ്

Correct Answer:- Option-B

Question93:-'പ്ലാസ്റ്റിക്' (Plastic) സംബന്ധിച്ച് താഴെ ചില പ്രസ്താവനകൾ നൽകുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക.
പ്രസ്താവനകൾ (Statements):
(i) ചില പ്രത്യേക സാഹചര്യങ്ങളിൽ ഇവയെ എളുപ്പത്തിൽ രൂപപ്പെടുത്താൻ (Mould ചെയ്യാൻ) സാധിക്കും.
(ii) അവയെല്ലാം രാസപരമായി നിഷ്ക്രിയവും (Chemically inert) പൂർണ്ണമായും യാതൊന്നും കടത്തിവിടാത്തവയാണ് (Impermeable).
(iii) വിപണിയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇവ വളരെ ചെലവ് കുറഞ്ഞവയാണ് (Cost effective).
(iv) ഇവ ഭാരം കുറഞ്ഞവയാണ് (Light weight).

A:-i, iii, iv എന്നിവ മാത്രം ശരിയാണ്

B:-ii, iii, iv എന്നിവ മാത്രം ശരിയാണ്

C:-എല്ലാ പ്രസ്താവനകളും ശരിയാണ്

D:-എല്ലാ പ്രസ്താവനകളും തെറ്റാണ്

Correct Answer:- Option-A

Question94:-പേപ്പർ നിർമ്മാണത്തിൽ, സ്റ്റിഫ്നസ് (Stiffness), ടെൻസൈൽ സ്ട്രെങ്ത് (Tensile strength) തുടങ്ങിയ കരുത്തുറ്റ ഗുണങ്ങൾ സാധാരണയായി 'മെഷീൻ ഡയറക്ഷനിൽ" (Machine Direction - മെഷീൻ ചലിക്കുന്ന ദിശ) കൂടുതലായിരിക്കും. എന്തുകൊണ്ട്?

A:-ആ ദിശയിൽ പേപ്പറിന് കനം (Thickness) കൂടുതൽ ഉള്ളതുകൊണ്ട്

B:-കെമിക്കൽ ബൈൻഡറുകൾ നീളത്തിൽ മാത്രം പ്രയോഗിക്കുന്നത് കൊണ്ട്

C:-സെല്ലുല്ലോസ് നാരുകൾ (Cellulose fibers) മെഷീൻ ചലിക്കുന്ന ദിശയിലേക്ക് തനിയെ ക്രമീകരിക്കപ്പെടാൻ (Line up ചെയ്യാൻ) പ്രവണത കാണിക്കുന്നത് കൊണ്ട്

D:-ക്രോസ് ഡയറക്ഷനിൽ (Cross direction) പേപ്പർ വളരെ പെട്ടെന്ന് ഉണങ്ങുന്നത് കൊണ്ട്

Correct Answer:- Option-C

Question95:-ഫോൾഡിംഗ് കാർട്ടണുകൾ (Folding cartons) നിർമ്മിക്കുന്നതിന് പൊതുവായി ഉപയോഗിക്കുന്ന ഡൈ സ്റ്റീൽ റൂളിൻറെ വീതി (General purpose Die steel rule width/thickness) എത്രയാണ്?

A:-0.61 mm

B:-0.71 mm

C:-0.81 mm

D:-0.91 mm

Correct Answer:- Option-B

Question96:-താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വായിച്ച് അവയിൽ ഏതാണ് തെറ്റായിട്ടുള്ളത് (False) എന്ന് തിരഞ്ഞെടുക്കുക.
പ്രസ്താവനകൾ (Statements):
(i) ഭക്ഷ്യ പാക്കേജിംഗ് വ്യവസായത്തിൽ (Food packaging industry) സ്റ്റീൽ ഉപയോഗിക്കുന്നത് ടിൻപ്ലേറ്റ് (Tinplate) അല്ലെങ്കിൽ ടിൻ-ഫ്രീ സ്റ്റീൽ (Tin-free steel) രൂപത്തിലാണ്.
(ii) ബ്ലാക്ക്പ്ലേറ്റിൻറെ (Blackplate) ഉപരിതലത്തിൽ ഇലക്ട്രോലിറ്റിക് പ്രക്രിയയിലൂടെ ടിന്നിൻറെ (ഈയം) ഒരു നേർത്ത പാളി പൂശിയാണ് ടിൻപ്ലേറ്റ് നിർമ്മിക്കുന്നത്.
(iii) ലൈറ്റ് മെറ്റൽ പാക്കേജിംഗിനായി ഉപയോഗിക്കുന്ന അലുമിനിയം താരതമ്യേന ശുദ്ധമായ രൂപത്തിലാണ് ഉപയോഗിക്കുന്നത്, ഇതിൻറെ കരുത്ത് വർദ്ധിപ്പിക്കുന്നതിനായി മാംഗനീസും മഗ്നീഷ്യം ഇതിലേക്ക് ചേർക്കുന്നു.

A:-ii-ഉം iii-ഉം തെറ്റാണ്

B:-ii തെറ്റാണ്

C:-iii തെറ്റാണ്

D:-മുകളിൽ പറഞ്ഞവയെയൊന്നും അല്ല

Correct Answer:- Option-D

Question97:-ഒരു മോൾഡിനുള്ളിൽ (Mould) ഇരിക്കുന്ന ഉരുകിയ പ്ലാസ്റ്റിക് ട്യൂബിലേക്ക് (Molten plastic tube) വായു ശക്തിയായി ഊതിക്കയറ്റി, ഒരു സാധാരണ പ്ലാസ്റ്റിക് പാൽക്കുപ്പിയുടെ ആകൃതി ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയ ഏതാണ്?

A:-Extrusion Blow Moulding (എക്സ്ട്രൂഷൻ ബ്ലോ മോൾഡിംഗ്)

B:-Thermoforming (തെർമോഫോമിംഗ്)

C:-Injection Moulding (ഇഞ്ചക്ഷൻ മോൾഡിംഗ്)

D:-Calendaring (കലണ്ടറിംഗ്)

Correct Answer:- Option-A

Question98:-പേപ്പർ അടിസ്ഥാനമാക്കിയുള്ള ഫ്ലെക്സിബിൾ പാക്കേജിംഗിനെ (Paper-based flexible packaging) സംബന്ധിച്ച് ചില പ്രസ്താവനകൾ താഴെ നൽകുന്നു. ഇവ പരിശോധിച്ച് അനുയോജ്യമായ ഓപ്ഷൻ തിരഞ്ഞെടുക്കുക.
പ്രസ്താവനകൾ (Statements):
(i) പേപ്പർ അടിസ്ഥാനമാക്കിയുള്ള ഫ്ലെക്സിബിൾ പാക്കേജിംഗിൽ സാധാരണയായി പ്രിൻറിംഗ് ചെയ്യാറുണ്ട്, കൂടാതെ മറ്റ് പാക്കേജിംഗ് രൂപങ്ങളെ അപേക്ഷിച്ച് ഇവയ്ക്ക് ഭാരം വളരെ കുറവാണ്.
(ii) പേപ്പറുകൾക്കൊപ്പം പ്ലാസ്റ്റിക്, അലുമിനിയം ഫോയിൽ, വാക്സ് (മെഴുക്) തുടങ്ങിയ മറ്റ് വസ്തുക്കൾ കൂടി കൂട്ടിച്ചേർത്ത് കോമ്പോസിറ്റ് (Composite) രൂപത്തിലാണ് ഈ ഫ്ലെക്സിബിൾ പാക്കേജിംഗ് തയ്യാറാക്കുന്നത്.
(iii) അവസാന ഉപയോക്താവിന് (പാക്കറ്റ് ചെയ്യുന്ന കമ്പനിക്ക്) മെഷീനുകൾ ഉപയോഗിച്ച് എളുപ്പത്തിൽ രൂപപ്പെടുത്താനും, ഉൽപ്പന്നങ്ങൾ നിറയ്ക്കാനും, സീൽ ചെയ്യാനും (Form, fill and seal) പാകത്തിൽ വലിയ റീലുകളായിട്ടാണ് (Reels) ഈ ഫ്ലെക്സിബിൾ പാക്കേജിംഗ് സാധാരണയായി വിതരണം ചെയ്യുന്നത്.

A:-i-ഉം ii-ഉം മാത്രം തെറ്റാണ്

B:-ii-ഉം iii-ഉം മാത്രം ശരിയാണ്

C:-എല്ലാ പ്രസ്താവനകളും തെറ്റാണ്

D:-എല്ലാ പ്രസ്താവനകളും ശരിയാണ്

Correct Answer:- Option-D

Question99:-കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ (Carbonated soft drinks - സോഡ, കോള തുടങ്ങിയവ) പാക്ക് ചെയ്യുന്നതിനായി, അതിൻറെ സുതാര്യതയും (Clarity) കരുത്തും (Strength) കണക്കിലെടുത്ത് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഏതാണ്?

A:-Polyethylene (PE) (പോളിഎത്തിലീൻ)

B:-Polyvinyl Chloride (PVC) (പോളിവിനൈൽ ക്ലോറൈഡ്)

C:-Polystyrene (PS) (പോളിസ്റ്റൈറീൻ)

D:-Polyethylene Terephthalate (PET) (പോളിഎത്തിലീൻ ടെറഫ്താലേറ്റ്)

Correct Answer:- Option-D

Question100:-താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശരിയായ ഓപ്ഷൻ കണ്ടെത്തുക.
പ്രസ്താവനകൾ (Statements):
(i) സ്റ്റീൽ റൂൾ ഡൈ (Steel rule Die) നിർമ്മിക്കുന്നതിനായി കട്ടിംഗ് റൂളും (Cutting rule) ക്രീസിങ് റൂളും (Creasing rule) നിർമ്മിക്കാൻ സ്റ്റീൽ ലോഹം തന്നെയാണ് ഉപയോഗിക്കുന്നത്.
(ii) സ്റ്റീൽ റൂൾ ഡൈയിൽ അടിത്തറയായി പ്ലൈവുഡ് ഉപയോഗിച്ചേക്കാം (Plywood as a base)
(iii) സ്റ്റീൽ റൂൾ ഡൈയിൽ ക്രീസിങ് ടൂളിനോടൊപ്പം റബ്ബറും (Rubber) ഉപയോഗിക്കുന്നുണ്ട്.

A:-എല്ലാ പ്രസ്താവനകളും ശരിയാണ്

B:-എല്ലാ പ്രസ്താവനകളും തെറ്റാണ്

C:-i-ഉം ii-ഉം മാത്രം ശരിയാണ്

D:-ii-ഉം iii-ഉം മാത്രം ശരിയാണ്

Correct Answer:- Option-A